# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4262** — **24/10/2016-ൽ മറുപടിക്ക്**

### മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സർക്കാർ ഉത്തരവ് 187/12 ആ.കു.വ. തീയതി 20.02.2012 പ്രകാരം മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് താല്ക്കാലികമായി നിയമനം നേടിയ വിവിധ തസ്തികകളിൽപ്പെട്ട നിലവിലുള്ള 500 ജീവനക്കാരിൽ പി.എസ്.സി. യോഗ്യതാപരിധി കഴിഞ്ഞവർക്ക് സർവ്വീസിൽ തുടരുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സം എന്തെല്ലാമെന്ന് അറിയിക്കാമോ;<br>**ബി)** ബന്ധപ്പെട്ട ജീവനക്കാർക്ക് സർവ്വീസിൽ തുടരുന്നതിനു വേണ്ടിയുള്ള അനുകൂല നടപടി സ്വീകരിക്കുമോ; | **എ) യും ബി) യും** | പി.എസ്.സി മുഖേനയാണ് ആരോഗ്യവകുപ്പിൽ സ്ഥിരനിയമനം നടത്തുന്നത്. 20/02/2012-ലെ സ.ഉ(എം.എസ്)187/12/ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം നടത്തിയത് 3 മാസത്തേയ്ക്ക് ദിവസക്കൂലി നിയമനമാണ്. പിന്നീട് 3 മാസം വീതം നിയമനം നീട്ടിനൽകുകയായിരുന്നു. ഇപ്രകാരം നിയമനം ലഭിച്ചവർക്ക് സ്ഥിരം നിയമനം നൽകാൻ നിലവിലെ സർവ്വീസ് നിയമങ്ങൾ അനുവദിക്കുന്നില്ല. |
| **സി)** കാറ്റഗറി നമ്പർ 420/2009 പ്രകാരം കെ.പി.എസ്.സി. 30.11.2009 ലെ വിജ്ഞാപനം അനുസരിച്ച് ആരോഗ്യ വകുപ്പിലേക്ക് ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്ക് തസ്തികയിലേക്ക് മത്സരപരീക്ഷ നടത്തി 26.08.2013-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് നാളിതുവരെയുള്ള വിശദാംശം വ്യക്തമാക്കാമോ; | **സി)** | ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടില്ല. |
| **ഡി)** നിലവിൽ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നു വ്യക്തമാക്കാമോ ? | **ഡി)** | നിലവിലുള്ള ഒരു ഒഴിവ് പി.എസ്.സി മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**